(ബി) ശരാശരി ഒരു ദിവസം എത്ര രോഗികൾ ഈ ആശുപത്രിയെ ആശ്രയിക്കുന്നുണ്ടെന്ന് അറിയിക്കാമോ;

(സി) ആശുപത്രി കെട്ടിടം വൈദ്യുതീകരിച്ചതാണോ എന്നും അല്ലെങ്കിൽ അതിനുള്ള തടസ്സങ്ങൾ എന്താണെന്നും വിശദീകരിക്കാമോ;

(ഡി) കെട്ടിടത്തിന് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 4-11-2001 മുതൽ

(ബി) ഏകദേശം 200 രോഗികൾ

(സി) വൈദ്യുതീകരിച്ചിട്ടില്ല. പുതിയ കെട്ടിടം പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ ഉള്ള സ്ഥലത്താണ് പ്രവർത്തിക്കുന്നത്. പ്രസ്തുത സ്ഥലം പഞ്ചായത്തിന് കൈമാറ്റം ചെയ്യാത്തതുകൊണ്ട് പുതിയ കെട്ടിടത്തിന് നമ്പർ ലഭിച്ചിട്ടില്ല. ആയതിനാൽ കൈവശാവകാശ സർട്ടിഫിക്കറ്റ് പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ വൈദ്യുതികണക്ഷന് അപേക്ഷിക്കാൻ തൽക്കാലം നിർവ്വാഹമില്ല.

(ഡി) ആശുപത്രി സ്ഥിതിചെയ്യുന്ന സ്ഥലം പഞ്ചായത്തിന് കൈമാറ്റം ചെയ്ത് കിട്ടുന്നതിന് അപേക്ഷ നൽകിയിട്ടുണ്ട്. കൈമാറ്റം ചെയ്ത് കിട്ടുന്ന മുറയ്ക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

വളയം പ്രൈമറി ഹെൽത്ത് സെന്റർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കി ഉയർത്തുന്നതിന് നടപടി

147 [1674] ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിലുള്ള വളയം പ്രൈമറി ഹെൽത്ത് സെന്റർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കി ഉയർത്തുന്നതു സംബന്ധിച്ച് സർക്കാരിന് ലഭിച്ചിട്ടുള്ള അപേക്ഷയിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കാമോ ;

(ബി) വകുപ്പ് മന്ത്രി വിളിച്ചുചേർത്ത ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും യോഗത്തിൽ ആശുപത്രി വിപുലീകരണവുമായി ബന്ധപ്പെട്ട് എന്തൊക്കെ തീരുമാനങ്ങളാണ് എടുത്തിട്ടുള്ളതെന്നും അവ നടപ്പിലാക്കുന്ന കാര്യത്തിൽ ഉണ്ടായിട്ടുള്ള പുരോഗതി എത്രത്തോളമായിട്ടുണ്ടെന്നും വിശദീകരിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വളയം പി. എച്ച്. സി.-യിൽ ഇപ്പോൾ എന്തൊക്കെ സൗകര്യങ്ങൾ നിലവിലുണ്ടെന്നും ആശുപത്രിയിൽ എത്ര സ്റ്റാഫുണ്ടെന്നും സി. എച്ച്. സി. ആയി ഉയർത്തുമ്പോൾ ഈ ആശുപത്രിയിൽ പുതുതായി എന്തൊക്കെ സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്നും പുതുതായി എത്ര തസ്തികകൾ വേണ്ടി വരുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) വളയം പ്രൈമറി ഹെൽത്ത് സെന്റർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കി ഉയർത്തുന്നതിന് ആവശ്യമായ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) വകുപ്പ് മന്ത്രി 27-10-2004-ൽ വിളിച്ചു ചേർത്ത് യോഗത്തിൽ വളയം പി. എച്ച്. സി.ക്ക് മുൻഗണന നൽകി അധിക തസ്തികകൾ സൃഷ്ടിച്ച് പദവി ഉയർത്താൻ തീരുമാനിച്ചിരുന്നു. കൂടാതെ ടി ആശുപത്രിയിൽ ഒഴിവുള്ള സിവിൽ സർജന്റെ തസ്തിക നികത്തുവാനും തീരുമാനിച്ചിരുന്നു. അതനുസരിച്ച് സിവിൽ സർജനെ നിയമിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) വളയം പി. എച്ച്.സി.-യിൽ നിലവിലുള്ള സൗകര്യങ്ങൾ ചുവടെ ചേർക്കുന്നു.

വാർഡ് (10 കിടക്കകൾ)	—	1 എണ്ണം
ഒ. പി. ബ്ലോക്ക്	—	1 എണ്ണം
അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്	—	1 എണ്ണം
ഇമ്മ്യൂണൈസേഷൻ ബ്ലോക്ക്	—	1 എണ്ണം
സ്റ്റാഫ് ക്വാർട്ടേഴ്സ്	—	6 എണ്ണം

കൂടാതെ ബ്ലോക്ക് ഫണ്ട് ഉപയോഗിച്ച് 10 കിടക്കകളുള്ള കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായിച്ചുണ്ട്.

അനുവദിച്ചിട്ടുള്ള തസ്തികകൾ

സിവിൽ സർജൻ	—	1
അസിസ്റ്റന്റ് സർജൻ	—	2
സ്റ്റാഫ് നേഴ്സ്	—	2

2/2314/2012/DTP.

LIBRARY ARCHIVES Kerala Legislative Assembly

നേഴ്സിംഗ് അസിസ്റ്റന്റ്	—	1
ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് II	—	1
പാർട്ട് ടൈം സ്വീപ്പർ	—	1
എൽ. ഡി. ക്ലാർക്ക്/യു. ഡി. ക്ലാർക്ക്	—	2
പ്യൂൺ	—	1
ഡ്രൈവർ	—	1
ഒഫ്താൽമിക് അസിസ്റ്റന്റ്	—	1
ലാബ്ടെക്നീഷ്യൻ	—	1
ഹെൽത്ത് സൂപ്പർവൈസർ	—	1
ഹെൽത്ത് ഇൻസ്പെക്ടർ	—	2
ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I	—	2
ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II	—	7
ലേഡി ഹെൽത്ത് സൂപ്പർവൈസർ	—	1
ലേഡി ഹെൽത്ത് ഇൻസ്പെക്ടർ	—	2
ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്	—	13

ടി സ്ഥാപനം സി. എച്ച്. സി. ആയി ഉയർത്തുമ്പോൾ താഴെപ്പറയുന്ന പശ്ചാത്തല സൗകര്യങ്ങൾകൂടി ആവശ്യമാണ്.

ഓപ്പറേഷൻ തിയേറ്റർ	—	1
ലേബർ റൂം	—	1
സ്റ്റാഫ് ക്വാർട്ടേഴ്സ്	—	10
ആംബുലൻസ്	—	1
പുതിയ വാർഡ് (10 കിടക്കകൾ)	—	1

LIBRARY ARCHIVES Kerala Legislative Assembly

ഉപകരണങ്ങൾ

1. ഇ. സി. ജി.
2. സക്ഷൻ അപ്പാരറ്റസ്
3. നെബുലൈസർ
4. ഓക്സിജൻ സിലിണ്ടർ
5. മൈക്രോസ്കോപ്പ്
6. സെൻട്രിഫ്യൂജ്
7. റഫ്രിജറേറ്റർ
8. കളറി മീറ്റർ
9. ഇൻകുബേറ്റർ
10. എക്സ്-റേ യൂണിറ്റ്

സി. എച്ച്. സി. ആയി ഉയർത്തുമ്പോൾ ആവശ്യമായ അധിക തസ്തികകൾ താഴെ പറയുന്നവയാണ്.

1.	അസിസ്റ്റന്റ് സർജൻ	—	2
2.	സ്റ്റാഫ്നേഴ്സ്	—	3
3.	നേഴ്സിംഗ് അസിസ്റ്റന്റ്	—	2
4.	ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് I	—	1
5.	ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് II	—	2
6.	എൽ. ഡി. ക്ലാർക്ക്	—	1
7.	റേഡിയോ ഗ്രാഫർ	—	1
8.	ഹെഡ് ക്ലാർക്ക്	—	1
9.	ഹെഡ് നേഴ്സ്	—	1

LIBRARY ARCHIVES Kerala Legislative Assembly